പാഠം 1 ജൂൺ 30-ജൂലൈ 6

# നീ എന്റെ സാക്ഷിയായിരിക്കും

**ശബ്ബത്ത് സായാഹ്നം**

**ഈ ആഴ്ചയിലെ പഠനത്തിന്: അ.പ്ര. 1:6-8, ലൂക്കൊസ് 24:25, ലൂക്കൊസ് 24:48, ആവ. 19:15, അ.പ്ര. 1:9-26, സദൃ. 16:33.**

**മനഃപാഠവാക്യം: "എന്നാൽ പിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരൂശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു" അ.പ്ര. 1:8.**

ഈ ലോകത്തിലെ യേശുവിന്റെ വേല അവസാനിച്ചു. തങ്ങളുടെ പ്രവർത്തനങ്ങളെ അനേകമായ അത്ഭുതങ്ങളും അടയാളങ്ങളുമായി തുലനം ചെയ്തു പരിശോധിച്ച് തെറ്റുതിരുത്തി ലോകത്തിന്റെ അവസാനത്തിലെ ശുശ്രൂഷയ്ക്കായി ശക്തി പ്രാപിക്കുന്ന തന്റെ ശിഷ്യന്മാരുടെമേൽ ദൈവം തന്റെ പരിശുദ്ധാത്മാവിനെ വേഗം അയയ്ക്കും. യേശുവിന് മാനുഷീക പ്രകൃതത്തിൽ അവരോടൊപ്പം എന്നും വസിക്കുവാൻ കഴിയുമായിരുന്നില്ല. ലോകത്തെ മുഴുവനും രക്ഷിക്കാനുള്ള പദ്ധതിയിൽ ബലഹീനമായ മാനുഷീക അവസ്ഥയിൽ അവതാരമെടുത്തു എന്നു മാത്രമല്ല അവന്റെ ഉയിർപ്പും സ്വർഗ്ഗാരോഹണവും പരിശുദ്ധാത്മാവിന്റെ ആഗമനത്തിന് അത്യാവശ്യമായിരുന്നു.

യേശുവിന്റെ ഉയിർപ്പുവരെ ശിഷ്യന്മാർ ഇതിനെക്കുറിച്ചു വ്യക്തമായി അറിഞ്ഞിരുന്നില്ല. അവർ എല്ലാം ഉപേക്ഷിച്ച് അവനെ പിൻഗമിച്ചപ്പോൾ അവർ ചിന്തിച്ചത് അവൻ ഒരു ദിവസം റോമാക്കാരെ ആ രാജ്യത്തു നിന്നു പുറത്താക്കി, ദാവീദിന്റെ വംശത്തെ പുനഃസ്ഥാപിച്ച്, യിസ്രായേലിന്റെ നഷ്ടപ്പെട്ടു പോയ മഹത്വം വീണ്ടെടുക്കുന്നവൻ എന്നാണ്. മറിച്ച് ചിന്തിക്കുന്നതു അവർക്ക് എളുപ്പമായിരുന്നില്ല. യേശു ശിഷ്യന്മാർക്ക് നൽകുന്ന അവസാന ഉപദേശങ്ങളിൽ പ്രാഥമികമായത് അ.പ്ര. ഒന്നാം അദ്ധ്യായത്തിലെ പരിശുദ്ധാത്മാവ് വരും എന്ന വാഗ്ദത്തവും സ്വർഗ്ഗത്തിലേയ്ക്കുള്ള യേശുവിന്റെ മടങ്ങിപ്പോക്കും പെന്തക്കോസ്തിനായി സഭ എങ്ങനെ സ്വയമായി ഒരുങ്ങി എന്നതുമാണ്.

**യിസ്രായേലിന്റെ പുനഃസ്ഥാപനം**

പഴയ നിയമ പുസ്തകങ്ങളിൽ മശിഹായെക്കുറിച്ചുള്ള രണ്ട് പ്രവചനങ്ങൾ ഉണ്ട്. അതിൽ ഒന്ന് രാജമഹത്വത്തോടെ എന്നും ഭരണം നടത്തുന്ന മശിഹ. (സങ്കീ. 39:3,4, 35-37; യെശ. 9:6,7; യെഹ. 37:25; ദാനീ. 2:44; 7:13,14) മറ്റൊന്ന് ജനത്തിന്റെ പാപത്തിനുവേണ്ടി മരിക്കുന്ന മശിഹ (യെശ. 52:13-53,12; ദാനീ. 9:26). ഈ രണ്ടു പ്രവചനങ്ങളും തമ്മിൽ ആശയ ഭിന്നത ഉണ്ടായില്ല. അവർ അതിനെ മശിഹയുടെ ശുശ്രൂഷയുടെ തുടർച്ചയായ രണ്ട് ഘട്ടങ്ങളായി ചൂണ്ടി ക്കാണിച്ചു. ആദ്യം അവൻ കഷ്ടം അനുഭവിക്കും അതിനുശേഷം രാജാ വാകും (ലൂക്കൊസ് 17:24,25; 24:25,26).

ഒന്നാം നൂറ്റാണ്ടിലെ യെഹൂദന്മാരുടെ, മശിഹായെക്കുറിച്ചുള്ള പ്രതീക്ഷ പക്ഷപാതപരമായിരുന്നു. രാഷ്ട്രീയപരമായ വിമോചനം നൽകുന്ന രാജകീയ മഹത്വമുള്ള മശിഹ കഷ്ടങ്ങൾ സഹിച്ച് മരിക്കുക എന്നത് മനസ്സിലാക്കാൻ അവർക്ക് പ്രയാസമായിരുന്നു.

രാജവായ മശിഹ എന്ന പ്രത്യാശ ശിഷ്യന്മാർ പങ്കുവെയ്ക്കുകയും യേശു ആ മശിഹ ആണെന്ന് അവർ (മത്തായി 16:16,20) വിശ്വസിക്കുകയും ചെയ്തു. അവൻ രാജസിംഹാസനത്തിലിരിക്കുമ്പോൾ അവന്റെ ഇരുഭാഗങ്ങളിലും ആരാണ് ഇരിക്കുന്നത് എന്നുള്ള തർക്കങ്ങളും അവരുടെ ഇടയിൽ ഉണ്ടായി രുന്നു. (മർക്കൊ. 10:35-37, ലൂക്കൊസ് 9:46).

തനിക്കായി ഭാവിയിൽ കാത്തിരിക്കുന്ന വിധിയെക്കുറിച്ച് യേശു അവർക്ക് മുന്നറിയിപ്പ് നൽകിയെങ്കിലും അതു വിശ്വസിക്കുവാൻ അവർക്ക് കഴിഞ്ഞില്ല. അതുകൊണ്ട് അവൻ മരിച്ചപ്പോൾ അവർ ആത്മ ധൈര്യമില്ലാത്തവരും കുഴ ങ്ങുന്നവരുമായി. അവരുടെ തന്നെ വാക്കുകളിൽ പറഞ്ഞാൽ "ഞങ്ങളോ അവൻ യിസ്രായേലിനെ വീണ്ടെടുപ്പാനുള്ളവൻ എന്ന് ആശിച്ചിരുന്നു; അത്ര യുമല്ല ഇതു സംഭവിച്ചിട്ടു ഇന്നു മൂന്നാം നാൾ ആകുന്നു (ലൂക്കൊസ് 24:21).

**വായിക്കുക: അ.പ്ര. 1:6 അവർക്ക് ഇപ്പോഴും മനസ്സിലാക്കാൻ കഴിയാ ത്തതിനെക്കുറിച്ച് ഈ ചോദ്യം എന്തു പറയുന്നു? അ.പ്ര. 1:7 ൽ യേശു എങ്ങനെയാണ് അതിനു ഉത്തരം നൽകുന്നത്? യേശുവിന്റെ മരണം ശിഷ്യ ന്മാരുടെ പ്രത്യാശയ്ക്ക് ഒരു പ്രഹരമായിരുന്നെങ്കിൽ ഉയിർപ്പ് ആ പ്രത്യാ ശയെ പുനഃസ്ഥാപിച്ചു. ചില അവസരങ്ങളിൽ അത് അവരുടെ രാജ്യത്തെ കുറിച്ചുള്ള പ്രതീക്ഷയെ മുൻപ് ഇല്ലാതിരുന്ന ഒരു തലത്തിലേക്ക് ഉയർത്തി അത് സ്വാഭാവികമായും മശിഹയുടെ സാമ്രാജ്യം സ്ഥാപിക്കുന്നതി ലേയ്ക്കുള്ള ഒരു സൂചനയാണെന്ന് അവർ മനസ്സിലാക്കി.**

അവരുടെ ചോദ്യത്തിന് യേശു നേരിട്ട് ഒരു ഉത്തരവും നൽകിയില്ല. അവരുടെ ചോദ്യത്തിലടങ്ങിയിരുന്ന ആശയത്തെ യേശു നിരാകരിച്ചില്ല. എന്നാൽ അരും അങ്ങനെ തന്നെ സ്വീകരിച്ചതുമില്ല. ഈ വിഷയത്തിന്റെ സംശയ നിവാരണം നടത്താതെ തന്നെ യേശു പറഞ്ഞത്, ദൈവത്തിന്റെ പ്രവൃത്തിയുടെ സമയം അവന്റേതു മാത്രമായിരിക്കുമെന്നും ആ കാര്യങ്ങൾ മനുഷ്യർക്ക് ഗ്രഹിക്കാൻ കഴിയില്ല എന്നുമാണ്.

ലൂക്കൊ. 24:25 ശിഷ്യന്മാരുടെ പ്രശ്നം എന്തായിരുന്നു? വേദപുസ്തകം നമ്മെ യഥാർത്ഥമായി എന്തു പഠിപ്പിക്കുന്നുവോ അതിന് വിരുദ്ധമായി നാം എന്ത് വിശ്വസിക്കണം എന്നത് എന്തുകൊണ്ടാണ് നാം നിസ്സാരമായി വിശ്വസിക്കുന്നത്? ഈ കുരുക്ക് നമുക്ക് എങ്ങനെ ഒഴിവാക്കാം?

**തിങ്കൾ** **ജൂലൈ 2**

**ശിഷ്യന്മാരുടെ ദൗത്യം**

**വായിക്കുക: അ.പ്ര. 1:8 പ്രവാചക വചനങ്ങളിൽ മുഴുകുന്നതിലുപരിയായി ശിഷ്യന്മാർ എന്താണ് ചെയ്യേണ്ടിയിരുന്നത്?**

ശിഷ്യന്മാരുടെ ദൗത്യത്തിലെ നാല് പ്രധാന ഷടകങ്ങൾ ഈ പാഠഭാഗത്തു നിന്ന് മനസ്സിലാക്കാവുന്നതാണ്.

**1 പരിശുദ്ധാത്മാവിന്റെ വരം**

ദൈവ ജനത്തിന്റെ ഇടയിൽ പരിശുദ്ധാത്മാവ് എപ്പോഴും പ്രവർത്തന നിരതമായിരുന്നു. പ്രവാചകന്മാർ പറയുന്നത് വരുവാനിരിക്കുന്ന സമയത്ത് പരിശുദ്ധാത്മാവിന് പ്രത്യേകമായ ഒരു ദൗത്യമുണ്ടായിരിക്കുമെന്നാണ് (യെശ. 44:3, യോവേൽ 2:28,29). എങ്ങനെയാണ് യേശു പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ടത്, അങ്ങനെ തന്നെ യേശുവിന്റെ ശുശ്രൂഷ ആരംഭിക്കുന്നതിന് മുൻപുതന്നെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ ഭൂമിയിൽ ആരംഭിച്ചിരുന്നു (ലൂക്കൊ. 4:18-21). എന്നാൽ ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണംവരെ സ്വർഗ്ഗീയമായ ഒരു വിളംബരം ഉണ്ടായില്ല (യോഹ. 7:39, അ.പ്ര. 2:33).

**2 സാക്ഷികളുടെ കടമ**

പ്രഥമമായ വിവരം നൽകുന്നയാളാണ് സാക്ഷി. അത്തരത്തിൽ ഒരു പ്രഥമ വിവരം നൽകാൻ ശിഷ്യന്മാർ പൂർണ്ണമായും യോഗ്യന്മാരായിരുന്നു. (താരതമ്യം ചെയ്യുക അ.പ്ര.1:21,22,4:20; 1 യോഹ 1:1-3) മാത്രമല്ല യേശുവുമൊത്തുള്ള അവരുടെ അതുല്ല്യമായ അനുഭവത്തെ ലോകവുമായി പങ്കുവെയ്ക്കാൻ ഈ സമയത്ത് അവരെ നിയോഗിച്ചിരുന്നു.

**3 ശുശ്രൂഷയുടെ പദ്ധതി**

ശിഷ്യന്മാർ ആദ്യം യെരൂശലേമിലും യെഹുദ്യയിലും പിന്നെ ശമര്യയിലും, ഒടുവിൽ ലോകത്തിന്റെ അറ്റത്തോളം സാക്ഷികൾ ആകണമായിരുന്നു. ഇതു ക്രമാനുഗതമായ ഒരു പദ്ധതി ആയിരുന്നു. യെഹൂദന്മാരുടെ മതപരമായ പ്രവർത്തനങ്ങളുടെ കേന്ദ്രം, യേശുവിനെ കുറ്റംവിധിക്കുകയും ക്രൂശിക്കുകയും ചെയ്ത യെരൂശലേം ആയിരുന്നു. യേശു ശുശ്രൂഷ ചെയ്തിരുന്ന യെഹൂദ്യയും ശമര്യയും ഇതിന്റെ അടുത്ത പ്രദേശങ്ങൾ ആയിരുന്നു. ശിഷ്യന്മാർ ഈ പ്രദേശങ്ങളിൽ ഉള്ളവർ ആയിരുന്നു. ശിഷ്യന്മാർ ഈ പ്രാദേശിക സ്ഥലങ്ങളിൽ മാത്രം അവരെ ഒതുക്കി നിർത്താതെ ലോകം മുഴുവനും അവരുടെ ശുശ്രൂഷ വ്യാപിക്കണമായിരുന്നു.

**4 ശുശ്രൂഷയുടെ പരിശീലനം**

പഴയ നിയമകാലത്തു രാജ്യങ്ങളായിരുന്നു ദൈവത്തിങ്കലേക്ക് ആകർഷിക്കപ്പെടെണ്ടത് (യെശ. 2:1-5) യിസ്രായേൽ അല്ല. ആ രാജ്യം മറ്റ് രാജ്യങ്ങളുടെ മുമ്പാകെ ദൈവത്തെ ഉയർത്തേണ്ടതാണ്. ഇതിൽ നിന്ന് ഒഴിവുള്ള ചില സംഭവങ്ങൾ പൊതുവായ നിയമത്തെ അസാധുവാക്കുന്നില്ല. (ഉദാ: യോന) എന്നാൽ ഇവിടെ അതിന്റെ ലക്ഷ്യം വ്യത്യസ്തമായിരുന്നു. ഇപ്പോഴും യെരൂശലേം കേന്ദ്രസ്ഥാനമായിരുന്നെങ്കിലും ശിഷ്യന്മാർ അവിടെ തന്നെ വേരൂന്നാതെ ലോകത്തിന്റെ അറ്റത്തോളം യാത്ര ചെയ്യണമായിരുന്നു.

**വായിക്കുക: ലൂക്കൊ. 24:44-48 ശിഷ്യന്മാർ പ്രസംഗിക്കേണ്ട കാതലായ ദൂത് എന്തായിരുന്നു?**

പ്രവചനങ്ങൾ, ശിഷ്യന്മാർക്കു അറിവുള്ളതായിരുന്നെങ്കിലും, ദൈവരാജ്യത്തെക്കുറിച്ച് പൂർണ്ണമായി ഗ്രഹിപ്പാൻ, ക്രൂശിൽ നിന്നോ യേശുവിന്റെ ശൂന്യമായ കല്ലറയിൽ നിന്ന് കടന്നുവരുന്ന ഒരു പുതിയ വെളിച്ചത്തിൽ അതിനെ ദർശിക്കാൻ കഴിയാത്തതിനാൽ തന്റെ ഉയിർപ്പിനുശേഷം ശിഷ്യന്മാരുമായി യേശു ചെലവഴിച്ച നാല്പതു ദിവസങ്ങൾ സ്വർഗ്ഗരാജ്യത്തെക്കുറിച്ച് കൂടുതലായി അവരോടു വിശദമാക്കണമായിരുന്നു (വായിക്കുക: അ.പ്ര. 3:17-19).

**ചൊവ്വ** **ജൂലൈ 3**

**അവൻ വീണ്ടും വരും**

**വായിക്കുക : അ.പ്ര. 1:9-11 യേശുവിന്റെ സ്വർഗ്ഗാരോഹണത്തെ ലൂക്കൊസ് എങ്ങനെയാണ് ചിത്രീകരിച്ചിരിക്കുന്നത്? രണ്ട് മാലാഖമാർ അവിടെ അവരോടു സംസാരിക്കുന്നതിലെ പ്രത്യേക അർത്ഥമെന്താണ്? (വായിക്കുക ആവ. 19:15).**

യേശു ശിഷ്യന്മാരുമൊത്ത് ഒലിവു മലയിലിരുന്ന് അവരെ അനുഗ്രഹിക്കുന്നതും സ്വർഗ്ഗത്തോളം എടുക്കപ്പെടുന്നതുമായ വിവരണത്തെക്കാൾ (ലൂക്കൊ. 24:51) ലഘുവാണ് സ്വർഗ്ഗാരോഹണത്തെക്കുറിച്ച് ലൂക്കൊസ് നൽകുന്ന വിവരണം. യേശു സ്വർഗ്ഗത്തോളം എടുക്കപ്പെട്ടു. ആ രംഗം വിവരിക്കാൻ ഉപയോഗിച്ച ഭാഷ ആ പ്രതിഭാസം ഒരു മനുഷ്യന്റെ നേത്രത്താൽ എങ്ങനെയാണ് കണ്ടത് എന്നു വിവരിക്കുന്നതാണ്. അതിനാൽ തന്നെ അതു യാഥാർത്ഥ്യത്തെക്കാൾ വ്യത്യാസമുള്ളതായിരുന്നു. യേശു ഭൂമിയിൽ നിന്ന് വേർപെട്ടുപോകുമ്പോൾ ശിഷ്യന്മാർക്ക് ദൃശ്യമായി, അവർക്ക് കാണത്തക്ക വിധത്തിൽ ഉയരങ്ങളിലേക്കു പോകുവാൻ മറ്റ് വഴികളില്ലായിരുന്നു.

വേദപുസ്തകത്തിലൂടെ നൽകപ്പെട്ടിട്ടുള്ള ദൈവത്തിന്റെ അനേക അത്ഭുത പ്രവർത്തികളിൽ ഒന്നായിരുന്നു യേശുവിന്റെ സ്വർഗ്ഗാരോഹണം. ലൂക്കൊസിന് സാധ്യമായ രീതിയിലാണ് അത് വിവരിച്ചിരിക്കുന്നത് (അ.പ്ര. 1:9) "അവൻ സ്വർഗ്ഗത്തോളം എടുക്കപ്പെട്ടു" പുതിയ നിയമത്തിൽ മാത്രമേ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുള്ളുവെങ്കിലും ഈ രേഖപ്പെടുത്തൽ പഴയ നിയമത്തിന്റെ യവനഭാഷാ വ്യാഖ്യാനത്തിൽ പല അവസരങ്ങലിലും കാണുന്നുണ്ട്, എല്ലാം ദൈവത്തിന്റെ പ്രവർത്തിയെ വിവരിക്കുന്നു. ഇവ സൂചിപ്പിക്കുന്നത് യേശുവിനെ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയർത്തിയവനായ ദൈവം തന്നെയാണ് യേശുവിനെ സ്വർഗ്ഗത്തലേയ്ക്ക് എടുത്തത് എന്നാണ് (അ.പ്ര. 2:24,32; റോമർ 6:4, 10:9).

യേശു മേഘങ്ങളിൽ മറയപ്പെട്ടതിനുശേഷം ശിഷ്യന്മാരുടെ അരികെ നിൽക്കുന്ന വെള്ള വസ്ത്രധാരികളെ കുറിച്ച് അ.പ്രവൃത്തികളിൽ ലൂക്കൊസ് വിവരിക്കുന്നു. ഈ വിവരണം (അ.പ്ര. 10:30, യോഹ. 20:12) ശുഭ്ര വസ്ത്രധാരികളായ മാലാഖമാരുടെ വിവരണവുമായി ചേർന്നുവരുന്നു. അവർ വന്നത് യേശുപോയതുപോലെ തന്നെ വീണ്ടും വരുമെന്ന് ശിഷ്യന്മാരെ ഉറപ്പിക്കുവാനാണ്. അവർ കാൺകെ അവൻ ആരോഹണം ചെയ്തു (അ.പ്ര.1:9) എന്ന വിവരണവും അ.പ്രവൃത്തികളിൽ മാത്രമാണ് കാണുന്നത്. ദൃശ്യമായ ആരോഹണം ദൃശ്യമായ മടങ്ങിവരവിനുള്ള ഒരു ഉറപ്പായി. ഇതും സംഭവിക്കാൻ പോവുന്നത് മേഘങ്ങളിലാണ്, ശക്തിയോടും മഹത്വത്തോടും (ലൂക്കൊസ് 21:27) കൂടെ അത് ഒരു രഹസ്യ സംഭവമല്ല. എല്ലാ കണ്ണും അവനെ കാണും (വെളി. 1:7). അവൻ ഏകനായിട്ടല്ല (ലൂക്കൊസ് 9:26, 2 തെസ്സ. 1:7). മഹത്വത്തോടെയുള്ള രണ്ടാം വരവ് സ്വർഗ്ഗാരോഹണത്തെക്കാൾ അതിഭയങ്കരമായിരിക്കും.

**നമുക്ക് മുൻപിൽ എപ്പോഴുമുള്ള യേശുവിന്റെ രണ്ടാം വരവിന്റെ യാഥാർത്ഥ്യത്തെയും, വാഗ്ദത്തങ്ങളെയും കുറിച്ച് നമുക്ക് എങ്ങനെ പഠിക്കാൻ**

**കഴിയും? ഈ മഹത്തായ സത്യം സാമ്പത്തികം, മുൻഗണനകൾ , സാന്മാർ ഗ്ഗിക തെരഞ്ഞെടുപ്പുകൾ തുടങ്ങിയ ജീവിതത്തിലെ എല്ലാ മേഖലകളെയും എങ്ങനെ സ്വാധീനിക്കുന്നു?**

**ബുധൻ** **ജൂലൈ 4**

**പെന്തക്കോസ്തിനായി ഒരുങ്ങുക**

അ.പ്ര. 1:7,8 ലെ മറുപടിയിൽ യേശു സമയത്തെക്കുറിച്ച് ഒരു വാഗ്ദത്തവും നൽകുന്നില്ലെങ്കിലും അവന്റെ വാക്കുകളുടെ സ്വാഭാവികമായ അർത്ഥം വെളിപ്പെടുത്തുന്നത്, പരിശുദ്ധാത്മാവിന്റെ വരവിനും ശിഷ്യന്മാരുടെ ശുശ്രൂഷ അവസാനിച്ചതിനുശേഷവും അവൻ മടങ്ങിവരും എന്നാണ് (മത്താ. 24:14).

ദൈവരാജ്യം എന്ന് ആഗതമാകും എന്നതിന് മാലാഖമാരുടെ വാക്കുക ളിലും (അ.പ്ര. 1:11) ഉത്തരമില്ലായിരുന്നു. ഇതിൽനിന്ന് മനസ്സിലാക്കുന്നത്, അതിനുകാലം ഏറെ ഇല്ല എന്നാണ്. ഇതുകൊണ്ടാണ് ശിഷ്യന്മാർ ഏറെ സന്തോഷത്തോടെ യെരൂശലേമിലേയ്ക്ക് മടങ്ങി വന്നത്. നിനച്ചിരിക്കാത്ത സമയത്ത് യേശുവരും എന്ന വാഗ്ദത്തം ശിഷ്യന്മാരുടെ ശുശ്രൂഷയ്ക്ക് അധി കമായ പ്രോത്സാഹനം നൽകും. അതിന്റെ അർത്ഥം അവസാനം വളരെ സമീപമായി എന്നാണ്. അ.പ്രവൃത്തികളിലെ തുടർന്നുവരുന്ന ഭാഗങ്ങളിൽ ഈ ആശയം വിശദീകരിക്കുന്നതാണ്.

**വായിക്കുക: അ.പ്ര. 1:12–14 ആരൊക്കെയായിരുന്നു മാളികമുറിയിലു ണ്ടായിരുന്നത്? പരിശുദ്ധാത്മാവിന്റെ വരവിനായി അവർ സ്വയമായി എങ്ങ നെയാണ് ഒരുങ്ങിയത്?**

ഒലിവു മലയിൽ നിന്നു മടങ്ങിവന്ന ശിഷ്യന്മാർ യെരൂശലേമിൽ മാളിക യുടെ മുകളിലെ മുറിയിൽ ഒന്നിച്ചുകൂടി. ചില സ്ത്രീകളും യേശുവിന്റെ മാതാവും, സഹോദരന്മാരും ശിഷ്യന്മാരോടൊപ്പം ഉണ്ടായിരുന്നു (ലൂക്കൊസ് 8:1–3, 23:49, 24:1–20).

യേശുവിന്റെ സഹോദരന്മാർ, (മർക്കൊ. 6:3) ഒന്നുകിൽ മറിയയുടെയും യോസേഫിന്റെയും ഇളയമക്കൾ (മത്തായി 1:25, ലൂക്കൊസ് 2:7) അല്ലെങ്കിൽ കൂടുതൽ അനുയോജ്യമായ അഭിപ്രായം യോസേഫിന്റെ അദ്യ വിവാഹ ത്തിലെ മക്കൾ, മറിയയെ ഭാര്യയായി സ്വീകരിക്കുമ്പോൾ ജോസഫ് വിഭാര്യ നായിരുന്നു. യേശുവിനെ എപ്പോഴും സംശയദൃഷ്ടിയോടെ വീക്ഷിച്ചിരുന്ന ഈ സഹോദരന്മാരെ ശിഷ്യന്മാരോടൊപ്പം കണ്ടപ്പോൾ മറ്റുള്ളവരിൽ അത് അത്ഭുതമുള്ളവാക്കി (മർക്കൊ. 3:21, യോഹ. 7:5). എങ്കിലും യേശുവിന്റെ ഉയിർപ്പും യാക്കോബിന് പ്രത്യേകമായി പ്രത്യക്ഷമായതും മറ്റ് വ്യത്യാസങ്ങ

ളെയെല്ലാം ഇല്ലാതാക്കിയതുപോലെ തോന്നി (1 കൊരി. 15:7). പിന്നീട് യാക്കോബ് ക്രിസ്ത്യാനികളുടെ കൂട്ടത്തിന്റെ നേതൃത്വത്തിലേക്ക് പത്രൊസിനെ പുനഃപ്രതിഷ്ഠിച്ചു. (അ.പ്ര.12:17,15:13, 21:18; ഗലാ.2:9,12).

ആ സമയം അവർ എല്ലാവരും ദൈവാലയത്തിൽ ഇരുന്ന് നിരന്തരമായ പ്രാർത്ഥനയിലൂടെ (അ.പ്ര.1:14) ദൈവത്തെ വാഴ്ത്തുകയും പാപങ്ങളെ ഏറ്റു പറഞ്ഞു പശ്ചാത്തപിക്കുകയും ചെയ്തു എന്നതിൽ സംശയമില്ല. അവരുടെ പ്രാർത്ഥനയ്ക്ക് ഉത്തരമായി പരിശുദ്ധാത്മാവ് കടന്നുവന്ന് അവരുടെ ആത്മീയ മനോഭാവത്തെ സംഭവിപ്പാൻ പോകുന്ന കാര്യങ്ങളുമായി പൂർണ്ണയോജിപ്പിലെത്തിച്ച് അവരുടെ മനസ്സു കാത്തു പെട്ടെന്ന് യേശുവിലേക്ക് നയിക്കും.

**നമ്മുടെ ദൈനംദിന തിരഞ്ഞെടുപ്പുകളിൽ പരിശുദ്ധാത്മാവ് നമ്മുടെ ഉള്ളിൽ പ്രവർത്തിക്കുന്നതിനായി ഏതൊക്കെ മാർഗ്ഗങ്ങൾ നമ്മെ സഹായിക്കും?**

**വ്യാഴം** **ജൂലൈ 5**

**പന്ത്രണ്ടാമത്തെ അപ്പൊസ്തലൻ**

ഏകദേശം നൂറ്റിയിരുപത് വിശ്വസികളടങ്ങുന്ന ക്രിസ്തീയ സമൂഹത്തിന്റെ ആദ്യത്തെ ഔദ്യോഗിക പ്രവൃത്തി യൂദയുടെ പിൻഗാമിയെ തെരഞ്ഞെടുക്കുകയായിരുന്നു (അ.പ്ര. 1:15).

വായിക്കുക : അ.പ്ര. 1:21,22 യൂദയുടെ പിൻഗാമിയ്ക്ക് എന്തൊക്കെ യോഗ്യതകൾ വേണമെന്നായിരുന്ന പ്രതീക്ഷിച്ചിരുന്നത്? എന്തുകൊണ്ടാണ് ഇതു വളരെ പ്രാധാന്യമുള്ളതാവുന്നത്?

യേശുവിന്റെ ഉയർപ്പിന് സാക്ഷ്യം വഹിച്ച ഒരാളാവണം. (താരതമ്യം ചെയ്യുക അ.പ്ര. 4:33) അത് വളരെ പ്രധാനപ്പെട്ടതാണ്. കാരണം ഉയിർപ്പ് യേശു മശിഹ ആകുന്നു എന്നതിനുള്ള ശക്തമായ തെളിവും ക്രൈസ്തവ വിശ്വാസത്തിന്റെ ആകമാനമായി സത്യവുമാണ്.

ആ തിരഞ്ഞെടുപ്പ് നടത്തേണ്ടത് യേശുവിന്റെ ശുശ്രൂഷയിൽ അവനെ അനുധാവനം ചെയ്ത അപ്പോസ്തലന്മാരുടെ ഇടയിൽ നിന്നാവണം. പിന്നീട് പൗലോസ് അനുശാസിക്കുന്നത്, യേശുവിന്റെ ഈ ഭൂമിയിലെ ശുശ്രൂഷയിൽ മറ്റ് ശിഷ്യന്മാരോടൊപ്പം പൗലോസ് ഉൾപ്പെട്ടിരുന്നില്ല എന്നും അവനെ ഒരിക്കൽപ്പോലും യേശുവിന്റെ ശിഷ്യന്മാരിൽ ഒരുവനായ അപ്പൊ ദമസ്ക്കോസിലേയ്ക്കുള്ള വഴിയിൽ വച്ച് യേശുവുമായിട്ടുള്ള അഭിമുഖമാണ് അവനെ

ഉയിർപ്പിന് സാക്ഷിയാക്കാൻ പൗലോസിനെ യോഗ്യനാക്കിയത് എന്നുമാണ് (1 കൊരി. 9:1). താൻ ഒരു 'അകാല പ്രജ'യാണ് എന്ന് അംഗീകരിക്കുന്നുവെങ്കിലും, മറ്റ് അപ്പൊസ് തലന്മാരേക്കാൾ യോഗ്യത കുറഞ്ഞവനാണെന്ന് അംഗീകരിക്കാൻ പൗലോസ് ഒരുക്കമല്ല (1 കൊരി. 9:2; ഗലാ. 2:6-9). സാങ്കേതികമായ അർത്ഥത്തിൽ പന്ത്രണ്ടു പേരും പൗലോസും അവർ "അപ്പോസ്തലന്മാർ", ആധികാരികമായും അടിസ്ഥാനപരമായ പൊതു അർത്ഥത്തിലും "ദൂതുവാഹകർ" (അ.പ്ര. 1:25,26). മറ്റ് സുവിശേഷ പ്രവർത്തകരെ സൂചിപ്പിക്കുന്നതിനും ഈ പദം ഉപയോഗിക്കാം (അ.പ്ര. 14:4,14; ഗലാ. 1:19).

**വായിക്കുക: അ.പ്ര. 1:23-26 എങ്ങനെയാണ് മത്ഥിയാസിനെ തെരഞ്ഞെടുത്തത്?**

മത്ഥിയാസിനെ തെരഞ്ഞെടുക്കുവാൻ അവൻ ഉപയോഗിച്ചരീതി അപരിചിതമായി തോന്നാം. എങ്കിലും ചീട്ടിടുക എന്നത് വളരെ മുൻപു മുതൽ തന്നെ തീരുമാനങ്ങളെടുക്കാൻ അംഗീകരിച്ചിരുന്ന രീതിയാണ് (ഉദാ. ലേവ്യ. 16:5-10, സംഖ്യാ 26:55). അതുകൂടാതെ തെരഞ്ഞെടുപ്പ് മുന്നമേ അംഗീകരിക്കപ്പെട്ട തുല്ല്യയോഗ്യതയുള്ള രണ്ടു വ്യക്തികൾ തമ്മിലായിരുന്നു. ഒരു ചുവടും അറിയപ്പെടാത്തതിലേയ്ക്കല്ല. ദൈവജ്ഞാനവും വിശ്വസിച്ച് ദൈവത്തോട് പ്രാർത്ഥിച്ചത് പ്രാർത്ഥനയുടെ ഫലം ദൈവഹിതം പ്രതിഫലിപ്പിക്കും എന്നാണ് (താരതമ്യം ചെയ്യുക സദൃ.16:33). ആ തീരുമാനം എപ്പോഴെങ്കിലും ചോദ്യം ചെയ്യപ്പെട്ടതിന് യാതൊരു തെളിവുമില്ല. പെന്തക്കോസ്തിനു ശേഷം പരിശുദ്ധാത്മാവിന്റെ നേരിട്ടുള്ള നിർദ്ദേശങ്ങൾ ഉള്ളതിനാൽ ചീട്ട് ഇടുന്നത് ആവശ്യമായ ഒന്നായിരുന്നില്ല (അ.പ്ര. 5:3, 11:15-18, 13:2, 16:6-9).

**ആരെങ്കിലും നിങ്ങളുടെ അടുക്കൽ വന്നിട്ട് നിങ്ങളോട്.. "എന്റെ ജീവിതത്തിനുവേണ്ടി ദൈവത്തിന്റെ ഹിതമെന്താണ് എന്ന് എനിക്കു എങ്ങനെ അറിയാൻ കഴിയും"? എന്നു ചോദിച്ചാൽ നിങ്ങളുടെ ഉത്തരം എന്തായിരിക്കും? എന്തുകൊണ്ട്?**

**വെള്ളി** **ജൂലൈ 6**

**കൂടുതൽ ചിന്തയ്ക്ക്**

പെന്തക്കോസ്തിനും രണ്ടാം വരവിനുമിടയിലുള്ള താല്ക്കാലിക സമയം പൂർണ്ണമായി അത് ദീർഘകമായാലും ചുരുക്കമായാലും ലോകമെല്ലാം പരിശുദ്ധാത്മ ശക്തിയിൽ ദൈവ സഭയുടെ ശുശ്രൂഷയാൽ നിറയപ്പെടണം. കർത്താവിന്റെ അനുയായികൾ രണ്ടു കാര്യങ്ങൾ ചെയ്യണം. അവന്റെ ഒന്നാമത്തെ

വരവിൽ എന്തുനേടിയെന്ന് പ്രഖ്യാപിക്കുക. അവന്റെ രണ്ടാമത്തെ വരവിനായി പശ്ചാത്താപത്തോടെ, വിശ്വാസത്തിൽ അവന്റെ വരവിനായി ഒരുങ്ങാൻ ജനങ്ങളെ ക്ഷണിക്കുക. അവർ ലോകത്തിന്റെ അറ്റത്തോളം അവന്റെ സാക്ഷികൾ ആകണം (അ.പ്ര.1:8) കാലത്തിന്റെ ഏറ്റവും അവസാനത്തോളവും രണ്ട് അവസാനങ്ങളും എത്തിച്ചേരുന്നതുവരെയും ഇതു അവസാനിപ്പിക്കാൻ ഞങ്ങൾക്കു സ്വാതന്ത്ര്യമില്ല."

*ജോൺ ആർ. സ്കോട്ട് പ്രവൃത്തികളുടെ ദൂതു:പരിശുദ്ധാത്മാവ് സഭയും ലോകവും (ഡൗമണഴ്സ് ഗ്രോവ്) ഇന്റർവാഴ്സിറ്റി 1990 പേജ് 44.*

"ശിഷ്യന്മാർക്കുള്ള രക്ഷകന്റെ ദൗത്യം എല്ലാ വിശ്വാസികളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ളതാണ്. കാലത്തിന്റെ അന്ത്യത്തിൽ ക്രിസ്തുവിലായിരിക്കുന്ന എല്ലാ വിശ്വസികളും ഇതിൽ ഉൾപ്പെടുന്നു. ആത്മാക്കളെ നേടുക എന്നത് അഭിക്ഷിക്തരായ ശുശ്രൂഷകന്മാരുടെമാത്രം ജോലിയെ ആശ്രയിച്ചുള്ളതാണ് എന്നത് ഏറ്റവും ഗുരുതരമായ ഒരു തെറ്റാണ്. സ്വർഗ്ഗീയ പ്രേരണ ലഭിച്ച, സുവിശേഷത്തിൽ വിശ്വാസമുള്ള എല്ലാവർക്കും അതു ചെയ്യാം. കർത്താവിന്റെ ജീവിതം സ്വീകരിക്കുന്ന എല്ലാവർക്കും തങ്ങളുടെ സഹജീവികളുടെ രക്ഷയ്ക്കായി പ്രവർത്തിപ്പാൻ അഭിഷേകം ചെയ്യപ്പെട്ടവരാണ്; ഇതിനായിട്ടാണ് സഭ സ്ഥാപിക്കപ്പെട്ടതു, അതിന്റെ വിശുദ്ധ ആജ്ഞകളെ ഏറ്റെടുക്കുന്നവർ അതിലൂടെ കർത്താവിന്റെ സഹപ്രവർത്തകരാകാൻ പ്രതിജ്ഞ ചെയ്യപ്പെട്ടവരാണ്" എലൻ ജി.വൈറ്റ്, 'യുഗങ്ങളുടെ പ്രത്യാശ' പേജ് 822.

**ചർച്ചയ്ക്കായുള്ള ചോദ്യങ്ങൾ:**

1. അ.പ്ര. 1:7; മർക്കൊസ് 13:32 ഓർമ്മയിൽ കൊണ്ടു വരുന്നു. "ആ നാളും നാഴികയും സംബന്ധിച്ചോ പിതാവല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനുംകൂടെ അറിയുന്നില്ല" എലൻ ജി. വൈറ്റ് പറയുന്നു. ഇനി ഒരിക്കലും സമയത്തെ സംബന്ധിച്ച് വീണ്ടും ഒരു ദൂത് ദൈവ ജനത്തിനല്ല. പരിശുദ്ധാത്മാവ് പകരപ്പെടുന്നതോ കർത്താവിന്റെ വരവിന്റെ സമയം കൃത്യമായി അറിയാനോ അല്ല നാം." *തെരഞ്ഞെടുക്കപ്പെട്ട ദൂതുകൾ, വാല്യം 1 പേജ് 188. സഹോദരി വൈറ്റ് കൂട്ടി ചേർക്കുന്നത്. ആരെങ്കിലും കർത്താവിന്റെ പ്രത്യക്ഷതയുടെ മണിക്കൂറും ദിവസവും അല്ലെങ്കിൽ വർഷവും അറിയിക്കുന്ന ദൂത് പ്രഖ്യാപിക്കാൻ ആരംഭിച്ചാൽ, ദൈവം ഒരിക്കലും അവന് നൽകിയിട്ടില്ലാത്ത ദൂത് പ്രഖ്യാപിക്കുന്നു. അഡ്വന്റിസ്റ്റ് റിവ്യൂ ശബ്ബത്ത് ഹെറാൾഡ് സെപ്തംബർ 12,1893.*

ഇത്തരം പ്രസ്താവനകൾക്ക് ഇന്ന് നമ്മുടെ ജീവിതത്തിൽ എന്ത് പ്രസക്തിയാണുള്ളത്?

2. ആരോ ഒരിക്കൽ പറഞ്ഞു "അഭിഭാഷകരേക്കാൾ കൂടുതൽ സാക്ഷികൾ ദൈവത്തിന് ആവശ്യമുണ്ട്."

ഈ പ്രസ്താവനയെക്കുറിച്ച് നിങ്ങൾ എന്തു ചിന്തിക്കുന്നു?

3. ആദ്യകാല സഭയിൽ പ്രാർത്ഥനയുടെ പങ്ക് എന്തായിരുന്നു? ജീവിതത്തിലെ ഒട്ടുമിക്ക നിർണ്ണായക നിമിഷങ്ങളിലും പ്രാർത്ഥനയ്ക്കായിട്ടുള്ള നിർദ്ദേശം കാണുന്നത് വെറും സന്ദർഭവശാൽ ഉണ്ടായ കാര്യം മാത്രമാണോ? (അ.പ്ര. 1:24; 8:14-17; 9:11,12; 10:4,9,30; 13:23.) നമ്മുടെ ജീവിതങ്ങളിൽ പ്രാർത്ഥനയുടെ പങ്ക് എന്താണ്?

✪ ✪ ✪ ✪